പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.*83

10.06.2019 -ലെ മറുപടിയ്ക്ക്

## തൊഴിലാളിസൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.എം.നൗഷാദ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേരളത്തെ തൊഴിലാളി സൗഹൃദ സംരംഭക സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി പുതിയ തൊഴിൽ നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) & ബി) കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും അതോടൊപ്പം തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യവും പരിരക്ഷയും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തൊഴിൽനയം അംഗീകരിക്കുകയും അതിൻ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.<br><br>ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, തുടങ്ങിയവ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടിട്ടുണ്ട്. ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തികഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നിവയിലൂടെ സമസ്ത മേഖലയിലേയും തൊഴിലാളികൾക്ക് മാന്യമായ |

വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പു വരുത്തുക എന്നിവയും സംസ്ഥാന തൊഴിൽ നയത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. തൊഴിൽനയത്തിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

സി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളാണ് മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും അവയിൽ ഏതെല്ലാം മേഖലകളിലാണ് ഈ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

സി) സംസ്ഥാനത്ത് ആകെ 84 തൊഴിൽ മേഖലകളെ മിനിമം വേതന നിയമം 1948 -ന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 80 തൊഴിൽ മേഖലകളിൽ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 26 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധം -III ആയി ചേർത്തിട്ടുണ്ട്.

ഡി) വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന തൊഴിലാളികളെ തൊഴിലാളി ശ്രേഷ്ഠ അവാർഡ് നൽകി ആദരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡി) ഒരു വ്യക്തിയുടെ അർപ്പണ മനോഭാവം, സാമൂഹ്യപ്രതിബദ്ധത, നൈപുണ്യ വികാസം എന്നിവയെല്ലാം ഉദ്ദീപിപ്പിക്കുവാൻ ഉതകുന്ന വിധത്തിൽ വിവിധ തൊഴിൽ മേഖലകളിലെ മികച്ച തൊഴിലാളികളെ കണ്ടെത്തുവാനും അവർക്ക് ഉചിതമായ അംഗീകാരം നൽകുന്നതിനും വേണ്ടി ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന ബഹുമതിക്ക് 'ശ്രേഷ്ഠ തൊഴിലാളി പുരസ്കാരം' എന്ന് നാമകരണം ചെയ്തിരിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന തൊഴിലാളികൾക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകുന്നതാണ്. വിശദ വിവരം അനുബന്ധം -IV ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

തൊഴിൽ മേഖലയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിച്ച് തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ആരോഗ്യകരമായ വ്യവസായബന്ധം വളർത്തിക്കൊണ്ട് സംസ്ഥാനത്ത് മെച്ചപ്പെട്ട സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അതിൽ പൊതു സമൂഹത്തിന്റെ കൂടി വിശ്വാസം ആർജ്ജിക്കുന്നതിനും വേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കും.
- കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും, വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യും.
- തൊഴിലിടങ്ങളിൽ ലിംഗ സമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളും.
- സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും സമഗ്രസംവിധാനം ഒരുക്കും.
- എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്തുകയും മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത തൊഴിലുകൾക്ക് ഒരു അടിസ്ഥാന കൂലിയെങ്കിലും ഉറപ്പുവരുത്തുകയും തെരഞ്ഞെടുത്ത മേഖലകളിൽ ഫെയർ വേജസ് കൊണ്ടുവരികയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കാലാനുസൃതമായ മാറ്റത്തിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് തൊഴിൽ വകുപ്പിന്റെ ഭരണ സംവിധാനം പുന:സംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യും.
- സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരും.
- സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമ ബോർഡുകളിൽ അംഗത്വത്തിന്റെ അടിസ്ഥാനത്തിലും സാമ്പത്തികമായും ദുർബലമായവയെ സംയോജിപ്പിച്ച് ശാക്തീകരിക്കുകയും അതുവഴി ഭരണച്ചെലവ് കുറച്ച് പുതുതായി ആരോഗ്യം, പാർപ്പിടം തുടങ്ങിയ ഇനങ്ങളിലും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്ഷേമ പദ്ധതികൾ പരിഷ്കരിക്കും.
- സംസ്ഥാനത്ത് ജോലിനോക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പു വരുത്തുവാനും ടി തൊഴിലാളികളുടെ വിവര ശേഖരണത്തിനുമായി ശക്തമായ ഇടപെടൽ നടത്തും.
- പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മേഖലയ്ക്ക് പുത്തനുണർവ് സൃഷ്ടിക്കുന്നതിനും ആവശ്യമായ തൊഴിൽ വ്യവസായിക ഇടപെടലുകൾ നടത്തും.
- പരമ്പരാഗത മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയും ആവശ്യമുള്ള പക്ഷം ഇതര വകുപ്പുകളുടെ കൂടി സഹകരണത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.
- കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിനെ ദേശീയ നിലവാരമുള്ള പഠന പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിന് സാധ്യമായ എല്ലാ ശ്രമവും നടത്തും.

സെക്ഷൻ ഓഫീസർ

**List of Schedule Employments**

| Sl.No | Name of Industry |
|---|---|
| | Employments applicable to the State of Kerala which are originally included in the Schedule |
| 1. | Employment in Rice Mill/Dhall Mill |
| 2. | Employment in Tobacco and Beedi Manufacturing |
| 3. | Employment in Plantations |
| 4. | Employment in Oil mills |
| 5. | Employment in Construction of Roads and Buildings |
| 6. | Employment in Stone Breaking and Crushing |
| 7. | Employment in Tanneries and Leather Manufacturing |
| | Employment added to the Schedule by State Government |
| 8 | Employment in Coir Industry |
| 9. | Employment in Cashew Industry |
| 10. | Employment in Water Boat Transport |
| 11. | Employment in Printing Press |
| 12. | Employment in Tile manufacturing Industry |
| 13. | Employment in Toddy Tapping |
| 14. | Employment in Match Industry |
| 15. | Employment in Shops and Commercial Establishments |
| 16. | Employment in Timber Industry |
| 17. | Employment in Bricks Manufacturing |
| 18. | Employment in Handloom Industry |
| 19. | Employment in Plywood Industry |
| 20. | Employment in Minor Ports |
| 21. | Employment in Forests |
| 22. | Employment in Rubber Products |
| 23. | Employment in Minor Engineering |
| 24. | Employment in construction of or maintenance of Dams |
| 25. | Employment in Fish Peeling and Canning |
| 26. | Employment in Hill produce Industry |
| 27. | Employment in Manufacturers of medicines |
| 28. | Employment in Powerlooms |

| | |
|---|---|
| 29. | Employment in Making Copra |
| 30. | Employment in Handling and Care of Elephants |
| 31. | Employment in Hosiery Manufacturing |
| 32. | Employment in Ice factories |
| 33. | Employment in Manufacture of Umbrellas |
| 34. | Employment in Hostels |
| 35. | Employment in Rubber crepe Mills |
| 36. | Employment in Liquor Trading |
| 37. | Employment in Cinema Theatres |
| 38. | Employment in crumb Rubber Factories |
| 39. | Employment in Collection of Sands |
| 40. | Employment in manufacture of Aluminium and Tin |
| 41. | Employment in Light Motor Vehicles |
| 42. | Employment in Oil Palm cultivation |
| 43. | Employment in Marble and Granite |
| 44. | Employment in Food processing |
| 45. | Employment in Electric Equipment & Software |
| 46. | Employment in manufacture of soap |
| 47. | Employment in Computer Software Industry |
| 48. | Employment in Plastic Industry |
| 49. | Employment in manufacture of wirecut Bricks |
| 50. | Employment in Screen Printing |
| 51. | Employment in Handicrafts |
| 52. | Employment in Readymade Garments |
| 53. | Employment in Diamond Cutting and Polishing |
| 54. | Employment in Khadi Industry |
| 55. | Employment in Cane and Bamboo Industry |
| 56. | Employment in motion picture and Tele films |
| 57. | Employment in Private Educational Institution (Non teaching) |
| 58. | Employment in Security services |
| 59. | Employment in Machanised Fish catching Industry |
| 60. | Employment in Private Hospitals/ Dispensaries/ Pharmacies etc |
| 61. | Employment in LPGas agencies (Cooking Gas) |
| 62. | Employment in Electronic Industry |
| 63. | Employment in Sale promotion of Pharmaceutical products |

| | |
|---|---|
| 64. | Employment in Petrol pump |
| 65. | Employment in Star Hotel |
| 66. | Employment in Domestic Works |
| 67. | Employment in Timber cutting, clear felling and transporting of logs |
| 68. | Employment in the manufacture of Gold and Silver Ornaments |
| 69. | Employment in Private Temples |
| 70. | Employment in Charted Accountant Offices |
| 71. | Employment in Tree Climping |
| 72. | Employment in Sweeping and Cleaning |
| 73. | Employment in Furniture Manufacturing |
| 74. | Employment in Medical Shop |
| 75. | Employment in Breweries |
| 76. | Employment in Agriculture |
| 77. | Employment in Footwear Manufacture |
| 78. | Employment in Paper Industry |
| 79. | Employment in Photography and Video graphy |
| 80. | Employment in Mid day Meal scheme in Schools |
| 81. | *Employment in Private Financial Institutions |
| 82. | *Employment in Cable TV |
| 83. | *Employment in Small Plantations(Cardamom,Rubber) |
| 84. | *Employment in Media Sector |

NB: In 80 sectors, Minimum Wages Notifications issued. *In Private Financial Institutions, Cable TV, Small Plantations, Media Sectors Minimum Wages Notifications to be issued.

സെക്ഷൻ ഓഫീസർ

**അനുബന്ധം -III**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും ഉത്തരവായിട്ടുള്ള 26 തൊഴിൽ മേഖലകൾ

| | | | |
|---|---|---|---|
| 1 | ഹോസ്റ്റൽസ് | 20.06.2016 | ജി.ഒ.(പി) നം.94/2016/തൊഴിൽ |
| 2 | ഐസ് ഫാക്ടറീസ് | 18.07.2016 | ജി.ഒ.(പി) നം.109/2016/തൊഴിൽ |
| 3 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി | 06/08/16 | ജി.ഒ.(പി)നം.134/2016/തൊഴിൽ |
| 4 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് | 06/08/16 | ജി.ഒ.(പി)നം132/2016/തൊഴിൽ |
| 5 | ഹാൻഡ് ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് | 06/08/16 | ജി.ഒ.(പി)നം.133/2016/തൊഴിൽ |
| 6 | പ്രിന്റിംഗ് പ്രസസ് | 06/08/16 | ജി.ഒ.(പി) നം.131/2016/തൊഴിൽ |
| 7 | സെയിൽസ് പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 23.06.2016 | ജി.ഒ.(പി) നം.112/2016/തൊഴിൽ |
| 8 | മിഡ്-ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് | 08/08/16 | ജി.ഒ.(പി) നം.136/2016/തൊഴിൽ |
| 9 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ | 03/09/16 | ജി.ഒ.(പി)നം.149/2016/തൊഴിൽ |
| 10 | ഷോപ്പ് ഹോട്ടൽ ആന്റ് റസ്റ്റോറന്റ് | 21.12.2016 | ജി.ഒ.(പി)നം.196/2016/തൊഴിൽ |
| 11 | ഡൊമസ്റ്റിക് വർക്ക് (ഗാർഹിക മേഖല) | 29.12.2016 | ജി.ഒ.(പി)നം.202/2016/തൊഴിൽ |
| 12 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി | 06/03/17 | ജി.ഒ.(പി) നം.13/2017/തൊഴിൽ |
| 13 | ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി | 03/05/17 | ജി.ഒ.(പി) നം.33/2017/തൊഴിൽ |
| 14 | പേപ്പർ ഇൻഡസ്ട്രി | 09/05/17 | ജി.ഒ.(പി) നം.32/2017/തൊഴിൽ |
| 15 | ഓയിൽമിൽ | 09/05/17 | ജി.ഒ.(പി) നം.36/2017/തൊഴിൽ |
| 16 | മെഡിക്കൽ ഷോപ്പ് | 24.05.2017 | ജി.ഒ.(പി) നം.45/2017/തൊഴിൽ |
| 17 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് | 09/05/17 | ജി.ഒ.(പി) നം.39/2017/തൊഴിൽ |
| 18 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി | 09/05/17 | ജി.ഒ.(പി) നം.37/2017/തൊഴിൽ |
| 19 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 19.05.2017 | ജി.ഒ.(പി)നം.44/2017/തൊഴിൽ |
| 20 | സെക്യൂരിറ്റി സർവ്വീസ് | 09/05/17 | ജി.ഒ.(പി) നം.38/2017/തൊഴിൽ |

| | | | |
|---|---|---|---|
| 21 | ഫുട് വെയർ മാനുഫാക്ചറിങ്ങ് | 14.07.2017 | ജി.ഒ.(പി) നം.69/2017/തൊഴിൽ |
| 22 | ഓയിൽപാം | 01/08/17 | ജി.ഒ.(പി) നം.77/2017/തൊഴിൽ |
| 23 | പ്രൈവറ്റ് ഹോസ്പിറ്റൽസ് | 23.04.2018 | ജി.ഒ.(പി) നം.33/2018/തൊഴിൽ |
| 24 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീഫുട്സ് | 02/08/18 | ജി.ഒ.(പി) നം.62/2018/തൊഴിൽ |
| 25 | ഖാദി ഇൻഡസ്ട്രീസ് | 03/08/18 | ജി.ഒ.(പി) നം.64/2018/തൊഴിൽ. |
| 26 | കൈത്തറി | 09/08/18 | ജി.ഒ.(പി) നം.67/2018/തൊഴിൽ |

പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള മേഖലകൾ.

| | |
|---|---|
| 1 | സിനിമാ തീയറ്ററുകൾ |
| 2 | ഫോറസ്റ്റ് |
| 3 | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 4 | മൈനർ പോർട്ട് |
| 5 | സ്വീപ്പിംങ് ആന്റ് ക്ലീനിംഗ് |
| 6 | ടോഡി ടാപ്പിംഗ്, ടോഡി വെൻഡിംഗ് |
| 7 | കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആന്റ് ബിൽഡിംഗ് ഓപ്പറേഷൻസ്, സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ,റിവർ സാന്റ് കളക്ഷൻ |
| 8 | ഹാന്റിക്രാഫ്റ്റ് |
| 9 | റബ്ബർ പ്രോഡക്റ്റ് ഇൻഡസ്ട്രീസ് |
| 10 | പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് (സ്റ്റേ) |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -IV</u>**

പ്രാരംഭഘട്ടത്തിൽ താഴെ പറയുന്ന തൊഴിലിൽ മേഖലകളിലാണ് തൊഴിലാളി ശ്രേഷ്ഠ അവാർഡ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

1. സെക്യൂരിറ്റി ഗാർഡ്
2. ചുമട്ടുതൊഴിലാളി
3. നിർമ്മാണതൊഴിലാളി
4. ചെത്ത്/ മരംകയറ്റ തൊഴിലാളി
5. തയ്യൽ തൊഴിലാളി
6. കയർ തെഴിലാളി
7. ഗാർഹിക തൊഴിലാളി
8. കശുവണ്ടി തൊഴിലാളി
9. മോട്ടോർ തൊഴിലാളി
10. തോട്ടം തൊഴിലാളി
11. സെയിൽസ്മാൻ/വുമൺ
12. നഴ്സ്

ഉത്പാദനക്ഷമതയുടെ വർദ്ധനവ്, തൊഴിൽ മേഖലയുടെ കാര്യക്ഷമതാവികാസം, ഊർജ്ജ സംരക്ഷണം മാലിന്യ നിർമ്മാർജ്ജനവും, വിഭവങ്ങളുടെ പുനരുപയോഗവും, തദ്ദേശ സാങ്കേതിക വിദ്യയുടെ ആവിഷ്കരണം നവീന തൊഴിൽ സാമഗ്രികളുടെ കണ്ടുപിടുത്തം എന്നീ മേഖലകളിൽ നൽകിയിട്ടുള്ള സവിശേഷമായ സംഭാവനകളും പൊതുവായ തൊഴിൽ നിലവാരവും പരിഗണിച്ചാണ് പുരസ്കാരത്തിന് അർഹരായവരെ തിരഞ്ഞെടുക്കുക. പൊതുവായ തൊഴിൽ നിലവാരം ചുവടെ പറയുന്ന 12 മാനദണ്ഡങ്ങളെ ആസ്പദമാക്കിയാണ് കണക്കാക്കുക.

<u>മാനദണ്ഡങ്ങൾ</u>

1. തൊഴിൽ സംബന്ധമായ നൈപുണ്യവും അറിവും
2. തൊഴിൽ പരമായ അച്ചടക്കവും കൃത്യനിഷ്ഠയും
3. സഹപ്രവർത്തകരോടുള്ള പെരുമാറ്റം
4. ഉപഭോക്താക്കളോടുള്ള പെരുമാറ്റം
5. ക്ഷേമപദ്ധതികളോടുള്ള സമീപനം
6. കലാകായിക മേഖലയിലെ മികവ്
7. സാമൂഹിക പ്രവർത്തനത്തിലുള്ള പങ്കാളിത്തം
8. ശുചിത്വ ബോധം
9. വിദ്യാഭ്യാസ യോഗ്യത
10. തൊലിൽ നൂതനമായ ആശയങ്ങൾ കൊണ്ടുവരാനുള്ള താൽപ്പര്യം
11. നിത്യജോലികൾക്ക് ഉപരിയായുള്ള കർത്തവ്യങ്ങൾ ഏറ്റെടുക്കാനുള്ള സന്നദ്ധത
12. തൊഴിൽ നിയമങ്ങളിലുള്ള അവബോധം

**സെക്ഷൻ ഓഫീസർ**